കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വിവിധ പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുന്നത് സംബന്ധിച്ച് പൗരാവകാശരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(എം. എസ്)നം. 06/2012/സാക്ഷേവ തിരുവനന്തപുരം, തിയതി, 08/02/2012

---

പരാമർശം:- 29/8/2011 ലെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1652/11/പി1 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരള സാമൂഹ്യ സുരക്ഷാമിഷന്റെ വിവിധ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ പൗരാവകാശ രേഖയുടെ കരട് സൂചന പ്രകാരം അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പൗരാവകാശരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
വി.എസ്. ഗോവിന്ദൻ നമ്പൂതിരി
സെക്രട്ടറിയ്ക്ക് വേണ്ടി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) ,കേരള, തിരുവനന്തപുരം.
പൊതുജന വിവര സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനും വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും)
സാമൂഹ്യക്ഷേമ (എ) /(ബി) വകുപ്പുകൾ
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം
R. Vijayi
സെക്ഷൻ ഓഫീസർ.

# കേരള സാമൂഹ്യ സുരക്ഷാ മിഷൻ

21.

## പൗരാവകാശരേഖ

ആമുഖം

സമൂഹത്തിൽ കൂടുതൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ സ്ത്രീകൾ, കുട്ടികൾ, ശാരീരികവും മാനസികവുമായ വൈകല്യമുള്ളവർ, അനാഥർ, വൃദ്ധർ, മാരകമായ അസുഖം ബാധിച്ചവർ എന്നിവർക്ക് ആശ്വാസം പകരുന്നതിനു വേണ്ടി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക എന്ന ഉദ്ദേശത്തോടുകൂടി 2008 – ൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ രൂപീകരിച്ചു.

1955 – ലെ ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസ് പ്രവർത്തിക്കുന്നത് തിരുവനന്തപുരത്ത് പൂജപ്പുരയിലാണ്.

ഭരണ നിർവഹണം

സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ചെയർമാനും, സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായുള്ള ഗവേണിംഗ്ബോഡിയുടെയും സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനും, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ എക്സിക്യൂട്ടീവ് കമ്മിയുടെയും തീരുമാനങ്ങൾക്കനുസൃതമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനം നടത്തുന്നു.

1. ദർശനം ( Vision)

വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുക. സമൂഹത്തിൽ സാമൂഹ്യ സുരക്ഷ ആവശ്യമായ മുഴുവൻ ജനവിഭാഗത്തിനും വിവിധ

വകുപ്പുകളെ സമന്വയിപ്പിച്ചു കൊണ്ട് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുക.

## 2. പ്രതിബദ്ധത ( Mission)

(എ). സംസ്ഥാനത്തെ ആരും സഹായിക്കാനില്ലാത്ത അശരണരും ആലംബഹീനർ, പാവപ്പെട്ടവർ, കുട്ടികൾ, സ്ത്രീകൾ, വൃദ്ധർ, ക്യാൻസർ രോഗത്തെത്തുടർന്ന് ഗുരുതരമായ രോഗബാധിതരായവർ തുടങ്ങി സമൂഹത്തിൽ സഹായവും സുരക്ഷയും ആവശ്യ മുള്ളവർക്കുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിക്കുക.

(ബി). വയോജനങ്ങൾക്ക് ആവശ്യമായ സഹായവും സംരക്ഷണവും ഉറപ്പു വരുത്തുക.

(സി). വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ തയ്യാറാക്കുക.

(ഡി). സംസ്ഥാനത്തെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ സൗകര്യ ങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും അതുവഴി മെച്ചപ്പെട്ട സേവനം സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകുകയും ചെയ്യുക.

(ഇ). സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വരുന്ന രോഗി കൾക്ക് ഭക്ഷണം നൽകുന്നതിനായുള്ള യൂണിറ്റ് സ്ഥാപിക്കുക.

(എഫ്). സമൂഹത്തിലെ പാവപ്പെട്ടവരുടെ ആരോഗ്യപോഷണ നിലവാരം ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

(ജി). സമൂഹത്തിലെ ഗുരുതരമായ രോഗം ബാധിച്ച സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ആവശ്യമായ ചികിത്സാ സഹായം എത്തിക്കുക.

(എച്ച്). 18 വയസ്സിനു താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് ചികിത്സാ സഹായം നൽകുന്ന ക്യാൻസർ സുരക്ഷാ പദ്ധതി നടപ്പിലാക്കുക.

(ഐ). സർക്കാർ ആശുപത്രികളിൽ നിന്നും രോഗം ഭേദമായി വിട്ടയയ്ക്കുന്ന ആശ്രിതരില്ലാത്ത രോഗികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

(ജെ). വിവിധ സാമൂഹ്യ പ്രശ്നങ്ങളെകുറിച്ച് ഗവേഷണം നടത്തുകയും പ്രശ്ന പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

(കെ). സാമൂഹ്യ വിഷയങ്ങൾ, ആരോഗ്യം, ശാസ്ത്രം, സാങ്കേതിക മേഖലകൾ എന്നിവയിൽ നടത്തുന്ന പഠനങ്ങളുടെ ഡോക്യുമെന്റേഷൻനിർവഹിക്കുക.

(എൽ). സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുക.

(എം). സംസ്ഥാനത്തിന്റെ എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു റിസോഴ്സ് ഏജൻസിയായി പ്രവർത്തിക്കുക.

27

<u>ലഭ്യമാകുന്ന സേവനങ്ങൾ</u>

| ക്രമ നം. | ലഭ്യമാകുന്നസേവനം | അപേക്ഷിക്കേണ്ട വിധം | നിബന്ധനകൾ | ഫീസ് | പരമാവധി സമയം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | വയോമിത്രം പദ്ധതിയിലൂടെ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ | നിശ്ചിത അപേക്ഷാ ഫോറത്തിൽ | നഗരപ്രദേശങ്ങളിലെ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരായിരിക്കണം | ഇല്ല | ഏത് സമയത്തും അപേക്ഷിക്കാം | |
| 2. | സ്നേഹസാന്ത്വനം പദ്ധതിയിലൂടെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നൽകുന്ന പ്രതിമാസ ധനസഹായം | പ്രത്യേകിച്ച് അപേക്ഷ നൽകേണ്ടതില്ല. | ആരോഗ്യ വകുപ്പ് നടത്തുന്ന സർവ്വെയുടെ അടിസ്ഥാനത്തിൽ കളക്ടർ അംഗീകരിച്ച ലിസ്റ്റിൽ പേരുള്ളവരായിരിക്കണം. | ഇല്ല | ഏത് സമയത്തും അപേക്ഷിക്കാം | |

| | | | | | | |
|---|---|---|---|---|---|---|
| 3. | സ്നേഹ സ്പർശം പദ്ധതിയിലൂടെ ചൂഷണത്തിന് വിധേയരായ അവിവാഹിത അമ്മമാർക്കുള്ള പ്രതിമാസ ധനസഹായം | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർക്ക് നിശ്ചിതഫോറത്തിൽ അപേക്ഷ നൽകണം | പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു പുറമേ അഗതികളായ മറ്റു അവിവാഹിത അമ്മമാർക്കു കൂടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. | ഇല്ല | ഏത് സമയത്തും അപേക്ഷിക്കാം | |
| 4. | ആശ്വാസകിരണം പദ്ധതിയിലൂടെ ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി | നിശ്ചിത ഫോറത്തിൽ അംഗൻവാടി/ ഐ.സി.ഡി.എസ് സൂപ്പർ വൈസർ/ സി.ഡി.പി. മുഖേന അപേക്ഷ നൽകണം | അപേക്ഷകർ സർക്കാരിൽ നിന്നും മറ്റു പ്രതിമാസ പെൻഷനുകൾ ലഭിക്കാത്തവരായിരിക്കണം | ഇല്ല | ഏത് സമയത്തും അപേക്ഷിക്കാം | |
| 5. | എൻഡോസൾഫാൻ ദുരിത ബാധിതരായവരുടെ കുടുംബാംഗങ്ങളായ 12-ാം ക്ലാസ്സു വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം | നിശ്ചിത ഫോറത്തിൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർമാർ മുഖേന അപേക്ഷ നൽകണം | കുടുംബാംഗങ്ങളിൽ ആരെങ്കിലും കളക്ടർ അംഗീകരിച്ച ലിസ്റ്റിൽ പേരുള്ളവരായിരിക്കണം. | ഇല്ല | ഏത് സമയത്തും അപേക്ഷിക്കാം | |

29

| | | | | | | |
|---|---|---|---|---|---|---|
| 6. | 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യചികിത്സ നൽകുന്ന താലോലം പദ്ധതി | കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 15 ആശുപത്രികളിൽ ചികിത്സ നൽകുന്നു. | 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ ആയിരിക്കണം. കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപ അധീകരിക്കുവാൻ പാടുള്ളതല്ല. | ഇല്ല | ഏത് സമയത്തും രജിസ്റ്റർ ചെയ്യാം. | |
| 7. | 18 വയസ്സിനു താഴെ പ്രായമുള്ള ക്യാൻസർ ബാധിത കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ക്യാൻസർ സുരക്ഷാ പദ്ധതി | കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിൽ ചികിത്സ നൽകുന്നു. | 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ ആയിരിക്കണം. കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപ അധീകരിക്കുവാൻ പാടുള്ളതല്ല. | ഇല്ല | ഏത് സമയത്തും രജിസ്റ്റർ ചെയ്യാം. | |
| 8. | ഡിസബിലിറ്റി സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ച് വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി | നിശ്ചിത ഫോറത്തിൽ അംഗൻവാടി വർക്കർ/ഐ.സി.ഡി.എസ് സൂപ്പർവൈസർ /സി.ഡി.പി.ഒ മുഖേന അപേക്ഷ നൽകണം | 40% ത്തിലധികം വൈകല്യമുള്ളവരായിരിക്കണം | ഇല്ല | ക്യാമ്പുകൾ സംഘടിപ്പിക്കുന്ന സമയത്ത് അപേക്ഷിക്കാവുന്നതാണ്. | |

| | | | | | | |
|---|---|---|---|---|---|---|
| 9. | വിശപ്പു രഹിത നഗരം പദ്ധതി മുഖേന ആശുപത്രികളിൽ പ്രവേശിക്കപ്പെട്ടിട്ടുള്ള രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യ ഉച്ചഭക്ഷണം നൽകുന്ന പദ്ധതി | അപേക്ഷ നൽകേണ്ടതില്ല | പദ്ധതി ഇപ്പോൾ നടപ്പാക്കി വരുന്ന കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിച്ചിട്ടുള്ള രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യ ഉച്ചഭക്ഷണം നൽകുന്ന പദ്ധതി | ഇല്ല | എല്ലാ ദിവസവും ലഭിക്കുന്നതാണ്. | |
| 10. | കാരുണ്യ ഡിപ്പോസിറ്റ് സ്കീം | ഓർഫനേജുകൾ, ശാരീരിക മാനസിക വൈകല്യമുള്ളവർക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ/സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് ധനസഹായം ലഭിക്കുന്ന തരത്തിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും | 5–18 നും ഇടയിൽ പ്രായമുള്ള ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികളുടെ ആരോഗ്യ സംരക്ഷണ ചിലവുകൾ, ട്യൂഷൻഫീസ്, പോഷകാഹാരം, വസ്ത്രം, കമ്പ്യൂട്ടർ, എന്നിവയ്ക്ക് ചെലവിടാൻ കഴിയുന്നതാണ്. | ഇല്ല | പത്രപരസ്യത്തിലൂടെ അപേക്ഷ നൽകുന്നതിന് ആവശ്യപ്പെടുമ്പോൾ. | |

| | | | | | | |
|---|---|---|---|---|---|---|
| | | തുക ഡിപ്പോസിറ്റ് ചെയ്യാവുന്നതാണ്. ഈ തുകക്ക് ലഭിക്കുന്ന പലിശ ടി ആവശ്യത്തിന് ലഭിക്കാവുന്നതാണ്. | | | | |
| 11 | ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള സംഭാവന | പേമെന്റ് ഗേറ്റ് വേയിലൂടെയും ചെക്ക്, ഡ്രാഫ്റ്റ്, മണിയോർഡർ എന്നിവ മുഖാന്തിരവും സംഭാവനകൾ നൽകാവുന്നതാണ്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് ടി ഫണ്ടിൽ നിന്ന് പണം ചെലവഴിക്കുന്നതാണ്. | ഡൊണേഷൻ നൽകുന്നയാളിന് 80 ജി പ്രകാരമുള്ള ഇൻകം ടാക്സ് ആനുകൂല്യം ലഭിക്കുന്നു. | ഇല്ല | ഏതു സമയവും ഓൺലൈൻ ആയി ഡൊണേഷൻ നൽകാം.ഡൊണേഷനുകൾ ലഭിക്കുന്ന മുറയ്ക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതാണ്. | |

## പരാതി പരിഹാരം

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള പരാതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേർക്ക് നൽകാവുന്നതും ടി പരാതിയെ സംബന്ധിച്ച മറുപടി 15 ദിവസത്തിനകം പരാതിക്കാരനെ അറിയിക്കുന്നതുമാണ്.